# നാളികേര ഉത്പാദക സംഘം (സി പി എസ്)

സ്വന്തമായി കുറഞ്ഞത് കായ്ഫലമുള്ള 10 തെങ്ങ് എങ്കിലും ഉള്ള കർഷകരെ ഉൾപ്പെടുത്തി ഒരു പ്രദേശത്തെ 40 മുതൽ 100 വരെ കർഷകർ ചേർന്ന് രൂപീകരിക്കുന്നതും ചാരിറ്റബിൾ സൊസൈറ്റി ആയി രജിസ്റ്റർ ചെയ്യേണ്ടതുമായ കർഷക കൂട്ടായ്മയാണ് നാളികേര ഉത്പാദക സംഘങ്ങൾ.

*തുടരുന്നു.....*

- സംഘത്തിന്റെ പ്രവർത്തന പരിധി സ്വാഭാവിക അതിരുകളാൽ (റോഡ്, തോട്, പുഴ മുതലായവ) വേർതിരിക്കപ്പെടുന്നത് നന്നായിരിക്കും.

- സംഘത്തിന്റെ പ്രവർത്തന പരിധിയിൽ 4000 - 5000 കായ്ഫലമുള്ള തെങ്ങുകൾ ഉണ്ടായിരിക്കുന്നത് ഉചിതമായിരിക്കും.



## എന്തുകൊണ്ട് സി പി എസ് ?

- കർഷകരുടെ കൂട്ടായ്മ അവരുടെ വിലപേശൽ കഴിവ് വർദ്ധിപ്പിക്കുന്നു.
- കുറഞ്ഞ അളവിലുള്ള ഉല്പന്നം വിപണനചെലവുകൾ കൂട്ടുന്നു.
- ഇടനിലക്കാരും കമ്മീഷൻ ഏജന്റുമാരും ഉല്പന്നത്തിന്റെ വിലയുടെ ഏറിയ പങ്കും കൈപ്പറ്റുന്നു.
- സംഭരണത്തിനും സംസ്ക്കരണത്തിനുമുള്ള അടിസ്ഥാന സൗകര്യമില്ലായ്മ.
- വിപണിയിലെ ആവശ്യകതയ്ക്കനുസൃതമായല്ല ഉൽപാദനം.
- സീസണിൽ വിപണിയിൽ ഉൽപ്പന്നത്തിന്റെ അധിക വരവ്.
- ഉൽപന്ന വൈവിദ്ധ്യവൽക്കരണത്തിന്റെയും മൂല്യവർദ്ധന യുടെയും അഭാവം.
- ഉപോൽപ്പന്നങ്ങളായ തൊണ്ട്, ചകിരി, ചിരട്ട എന്നിവയ്ക്ക് വിപണി ഇല്ല.
- ഉപോൽപ്പന്നങ്ങളുടെ സംസ്ക്കരണത്തിന് സൗകര്യക്കുറവ്.

# സി പി എസിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- പ്രവർത്തന പരിധിയിലുള്ള നാളികേര കർഷകരുടെ സമഗ്രമായ സാമ്പത്തികവും സാമൂഹ്യവും സാംസ്ക്കാരികവുമായ ഉന്നമനത്തിനായി പ്രവർത്തിക്കുക.

- അംഗങ്ങളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും സംസ്ക്കാരികവും, വിദ്യാഭ്യാസപരവും, ആരോഗ്യകരവും ശുചിത്വ പൂർണ്ണവുമായ ജീവിത സാഹചര്യങ്ങളിൽ അഭിവൃദ്ധി ഉണ്ടാക്കുകയും സംഘാംഗങ്ങൾക്കായി ഉചിതമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

- നാളികേര മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും, പ്രദർശനങ്ങളിലും, പഠന പര്യടനങ്ങളിലും പങ്കെടുക്കുക.
- ഉത്പാദനം, സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയിലുള്ള നൂതന സാങ്കേതിക വിദ്യകൾ അംഗങ്ങളായ കർഷകർക്ക് പകർന്ന് നൽകുക.
- കൃഷിവകുപ്പും, കാർഷിക ഗവേഷണ സ്ഥാപനങ്ങളും ശുപാർശ ചെയ്യുന്ന കൃഷിരീതികൾ അവലംബിക്കുക.
- നാളികേര കർഷകരുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും, സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കുകയും, കർഷകരെയും നാളികേര വികസന ബോർഡിനേയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുക.

- കാര്യക്ഷമമായ കൃഷിരീതികൾ അവലംബിച്ച് കൃഷിചിലവുകൾ കുറയ്ക്കുക.
- അംഗങ്ങൾക്ക് ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുക.
- വളങ്ങളും കാർഷിക ഉപകരണങ്ങളും കർഷകർക്ക് ന്യായ വിലയ്ക്ക് ലഭ്യമാക്കുക.
- നാളികേര ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും പ്രാഥമിക സംസ്കരണത്തിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.





തുടരുന്നു.....

- അംഗങ്ങളിൽ നിന്ന് നാളികേരം സ്വരൂപിച്ച് ഒന്നിച്ച് വിപണനം നടത്തുക.
- ഉൽപന്ന വൈവിദ്ധ്യവൽക്കരണത്തിനും മൂല്യ വർദ്ധനവിനുമുള്ള നടപടികൾ എടുക്കുക.
- സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു ഏജൻസികൾ എന്നിവരുമായി നല്ല ബന്ധം പുലർത്തുക.
- ഉദ്ദേശ ലക്ഷ്യ സാക്ഷാത്കാരത്തിനുള്ള പ്രവർത്തന ഫണ്ട്; അഡ്മിഷൻ ഫീസ്, വരിസംഖ്യ, സർക്കാർ ഏജൻസികളിൽ നിന്നുള്ള സബ്സിഡി, ഗ്രാൻഡ്, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ മുതലായ മാർഗ്ഗങ്ങളിലൂടെ കണ്ടെത്തുക





തുടരുന്നു...

# സി പി എസ് വഴി കർഷകർക്കുള്ള അവസരങ്ങൾ

- ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കാൻ കേരകർഷകർക്ക് അവസരം നൽകുന്നു
- ഉത്പാദനം, സസ്യ സംരക്ഷണം, സംസ്ക്കരണം, വിപണനം എന്നിവയിലുള്ള നൂതനവിദ്യകൾ സ്വായത്തമാക്കാനുള്ള അവസരം.
- കൂട്ടായ പ്രവർത്തനങ്ങളിലൂടെ കൃഷി ചിലവുകൾ കുറയ്ക്കുവാനുള്ള അവസരം.
- ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ, വളങ്ങൾ, കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ ന്യായവിലയ്ക്ക് ലഭിക്കാനുള്ള സാഹചര്യം.





തുടരുന്നു.....

- നഴ്സറികൾ തുടങ്ങുവാനുള്ള അവസരം.
- ജൈവവളങ്ങൾ ഉത്പാദിപ്പിക്കുവാനുള്ള യൂണിറ്റുകൾ, കൊപ്ര ഡ്രയർ മുതലായവ സ്ഥാപിക്കുവാനുള്ള സാമ്പത്തിക സഹായം.
- വിപണനത്തിനുള്ള അവസരം.
- പഠന പര്യടനങ്ങൾക്കുള്ള അവസരങ്ങൾ.
- ഇളനീർ (കരിക്ക്) സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള അവസരം.





തുടരുന്നു.....

# സി പി എസ് അംഗങ്ങൾക്ക് ഭാവിയിൽ പ്രതീക്ഷിക്കാവുന്ന അവസരങ്ങൾ

- നാളികേര സംസ്‌ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ
- നിർമ്മിക്കുന്ന നാളികേര ഉൽപന്നങ്ങൾ വിപണനം ചെയ്യുവാനുള്ള വർദ്ധിച്ച സൗകര്യങ്ങൾ.
- നാളികേരവും നാളികേര ഉൽപന്നങ്ങളും കയറ്റുമതി ചെയ്യുവാനുള്ള അവസരങ്ങൾ.
- താങ്ങുവിലയുടെ ആനുകൂല്യം അംഗങ്ങൾക്ക് നേടിയെടുക്കുവാനുള്ള അവസരം.
- സിപിഎസ് കൾ ഓഹരിയുടമകളായ ഉല്പാദക കമ്പനികൾ രൂപീകരിച്ച് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുവാനുള്ള അവസരങ്ങൾ.





# ഉൽപാദക സംഘങ്ങൾക്ക് അനുയോജ്യമായ സംരംഭങ്ങൾ



നഴ്സറികൾ



കൊപ്രാ ഉൽപാദനം



കരിക്ക് ശേഖരണവും വിപണനവും



ഭക്ഷ്യവസ്തുക്കൾ തയ്യാറാക്കൽ



നാളികേര സംഭരണവും വിപണനവും



ഈർക്കിലും ഓലയും വാണിജ്യോപയോഗത്തിന്

# ഫെഡറേഷനുകൾക്ക് സാദ്ധ്യമായ സംരംഭങ്ങൾ



കൊപ്ര നിർമ്മാണം



വിനാഗിരി ഉൽപാദനം




വെർജിൻ കോക്കനട്ട് ഓയിൽ



തൂൾതേങ്ങ



ചിരട്ടക്കരി ഉൽപാദനം



നാളികേര ചിപ്സ്



ഉണ്ടകൊപ്രാ ഉൽപാദനം

# ഉൽപാദന കമ്പനികൾക്ക് സാധ്യമായ സംരംഭങ്ങൾ



ആക്ടിവേറ്റഡ് കാർബൺ




കരിക്കിൻ വെള്ളം
പായ്ക്ക് ചെയ്യുന്ന യൂണിറ്റ്




വെളിച്ചെണ്ണ യൂണിറ്റ്



പച്ച തേങ്ങ
കയറ്റുമതി



കൊപ്രാ
കയറ്റുമതി.




നാളികേര പൗഡർ



ചിരട്ടപൊടി യൂണിറ്റ്